പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1050. 10.06.2019 ൽ മറുപടിയ്ക്ക്.

# കായംകുളം ഐ.ടി.ഐ. യ്ക്ക് സ്ഥലം കണ്ടെത്തുന്നത്

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീമതി യു. പ്രതിഭ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ. (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| നിലവിൽ കായംകുളം നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കായംകുളം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് പുതുതായി സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നടപടികളും അവയുടെ പുരോഗതിയും വിശദമാക്കാമോ? | | കായംകുളം ഐ.ടി.ഐയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കായംകുളം വില്ലേജിൽ 113/26, 26-21, 139/48, 49 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 1 ഏക്കർ 15 സെന്റ് സ്ഥലം Negotiated purchase പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിലേക്ക് കായംകുളം നഗരസഭ 75 ലക്ഷം രൂപ ജില്ലാ കളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ സ്പെഷ്യൽ തഹസീൽദാരെ ലാന്റ് അക്വസിഷൻ ഓഫീസറായി നിയമിക്കുകയും സ്ഥലം ഉടമകളുടെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്ന് തരം തിരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നതിന് ആവശ്യമായ വഴി കൂടി ഏറ്റെടുത്ത് സ്ഥലം ഐ.ടി.ഐയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ